## പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 42** — **27.02.2017-ൽ മറുപടിക്ക്**

### കോഴിക്കോട് ജില്ലയിലെ ലാസ്റ്റ് ഗ്രേഡ് സർവന്റ് (വ്യത്യസ്ത വകുപ്പ്) റാങ്ക് ലിസ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | കോഴിക്കോട് ജില്ലയിൽ നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് സർവന്റ് (വ്യത്യസ്ത വകുപ്പ്) റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര പേർക്ക് നിയമനം ലഭിച്ചു എന്നറിയിക്കാമോ; | (എ) | 03.02.2017 വരെ 336 പേർക്ക് നിയമന ശിപാർശ നൽകി. |
| (ബി) | ചില വകുപ്പുകൾ ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കുമോ; | (ബി) | ഉണ്ട്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിന്റെ ഭാഗമായി 2016 ഡിസംബർ മാസത്തിൽ വിവിധ ജില്ലകളിലെ സർക്കാർ ഓഫീസുകളിൽ അഡ്മിനിസ്റ്റേറ്റീവ് വിജിലൻസ് സെല്ലിന്റെ ടീമുകൾ പരിശോധന നടത്തുകയുണ്ടായി. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലയിലും ലാസ്റ്റ്ഗ്രേഡ് തസ്തിക ഉൾപ്പെടെ വിവിധ തസ്തികകളിലുള്ള ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയുണ്ടായി. കൂടാതെ റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ നിവേദനത്തിന്റെ അടിസ്ഥാനത്തിലും വിവിധ ആഫീസുകളിൽ പരിശോധന നടത്തി ഒഴിവുകൾ റിപ്പോർട്ട് ചെയ്യിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഡി.എം.ഒ, ഡി.ഡി.ഇ, റവന്യൂ, ഇറിഗേഷൻ എന്നീ വകുപ്പുകളിൽ നിന്ന് 2015 ജൂൺ 30 ന ശേഷം എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തു എന്ന് വേർതിരിച്ച് അറിയിക്കാമോ? | (സി) | കോഴിക്കോട് ജില്ലയിൽ ഡി.എം.ഒ, ഡി.ഡി.ഇ, റവന്യൂ, ഇറിഗേഷൻ എന്നീ വകുപ്പുകളിൽ 2015 ജൂൺ 30 ന് ശേഷം പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്ത ലാസ്റ്റ് ഗ്രേഡ് സർവന്റ് തസ്തികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>നം. / വകുപ്പ് / റിപ്പോർട്ട് ചെയ്ത ഒഴിവുകൾ<br>1. റവന്യൂ — 6<br>2. ആരോഗ്യം — 6<br>3. വിദ്യാഭ്യാസം — 45<br>4. ഇറിഗേഷൻ — 2<br>ആകെ — 59 |

സെക്ഷൻ ആഫീസർ